LIBRARY ARCHIVES Kerala Legislative Assembly

പാർപ്പിട പദ്ധതികൾ

217 (192) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാവർക്കും പാർപ്പിടം ലഭിക്കുന്നതിന് കർമ്മ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

ഉത്തരം

(എ-സി) ഉണ്ട്. സംസ്ഥാനത്ത് എല്ലാവർക്കും വീട് എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി ഭ്രരഹിതരായ ബി.പി.എൽ. കുടുംബങ്ങൾക്കുവേണ്ടി ബഹുനില അപ്പാർട്ടുമെന്റുകളും ഭ്രരഹിതരും അല്ലാത്തവരുമായ ബി.പി.എൽ./താഴ്ന്ന വരുമാന വിഭാഗത്തിലുള്ള കുടുംബങ്ങൾക്കുമായി പലിശ സബ്സിഡി നൽകുന്ന ഭവന വായ്പകളും തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ദരിദ്രരിൽ ദരിദ്രരായവർക്കായി ഒരു വാർഡിൽ ഒരു വീട് എന്ന പ്രത്യേക പദ്ധതിയും ഉൾപ്പെട്ട "എല്ലാവർക്കും വീട്" പദ്ധതി നടപ്പിലാക്കുന്നതിന് സ.ഉ. (എം.എസ്.) നമ്പർ 06/2016/ഭവനം തീയതി 1-2-2016 പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ഭവനരഹിതരും താഴ്ന്ന വരുമാനക്കാരുമായ കേരളത്തിലെ എല്ലാവർക്കും മൂന്നുവർഷത്തിനുള്ളിൽ 1.72 ലക്ഷം വീടുകൾ ലഭ്യമാക്കുക എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് കേരള സ്റ്റേറ്റ് ഹൗസിംഗ് സൊസൈറ്റിയും 14 ജില്ലകളിൽ ഡിസ്ട്രിക്ട് ഹൗസിംഗ് സൊസൈറ്റികളും രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത സൊസൈറ്റികൾ പൂർണ്ണമായും പ്രവർത്തനം ആരംഭിക്കുന്നതുവരെ "എല്ലാവർക്കും വീട്" പദ്ധതിയുടെ ഒന്നാംഘട്ടം സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.